LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിലെ ഖനനം

308 (648) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കിനാനൂർ-കരിന്തളം പഞ്ചായത്തിൽ വിവിധ മേഖലകളിൽ നടക്കുന്ന ഖനനംമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഖനനം നിർത്തലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രസ്തുത പഞ്ചായത്തുകളിലെ ഖനന പ്രവർത്തനങ്ങൾ നിയമ പ്രകാരവും പ്രശ്നരഹിതവുമാക്കുന്നതിന് എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. കൂടാതെ വൻകിട ധാതുവിന്റെ ഗണത്തിൽപ്പെടുന്ന ബോക്സൈറ്റ്, ലാറ്ററൈറ്റ്, ചൈനാ ക്ലേ എന്നീ ഖനികൾ ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസിന്റെയും ഡയറക്ടർ ജനറൽ ഓഫ് മൈൻ സേഫ്റ്റിയുടെയും നിരന്തര പരിശോധനയിലാണ് പ്രവർത്തിക്കുന്നത്. ഈ സാഹചര്യത്തിൽ ഖനനം പൂർണ്ണമായും നിർത്തിവയ്ക്കുന്നതിന് നടപടികൾ എടുത്തിട്ടില്ല.

സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ

309 (649) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവ എത്ര ; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര ;

(ബി) ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മൊത്തം ലാഭം എത്ര ; നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ മൊത്തം നഷ്ടം എത്ര ;

(സി) അടച്ചുപൂട്ടിയ പൊതുമേഖലാസ്ഥാപനങ്ങൾ ഏതൊക്കെയാണ് ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയെന്നും മുൻ സർക്കാരിന്റെകാലത്ത് പ്രവർത്തനം ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങൾ എത്രയെന്നും വെളിപ്പെടുത്താമോ ?